ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.03.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. അനന്തമായ നവീകരണങ്ങളുടെ നാടായി ഇന്ത്യ മാറിയെന്നും ആഗോള നേതൃനിരയിലാണ് രാജ്യത്തിന്റെ സ്ഥാനമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.
   **Prime Minister Narendra Modi said that India has become a land of endless innovations and the country is in the global leadership.**

2. മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിലുള്ള യോഗം പുരോഗമിക്കുന്നു.
   **A meeting chaired by Union Home Minister Amit Shah to review the security situation in Manipur is underway.**

3. ജൻ ഔഷധി ജൻ ചേതന സപ്താഹ ആഘോഷങ്ങൾക്ക് കേന്ദ്രമന്ത്രി ജെ. പി നഡ്ഡ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.
   **Union Minister J.P. Nadda launched the Jan Aushadhi Jan Chetna Saptaha celebrations in New Delhi.**

4. സ്ത്രീ മുന്നേറ്റം സാധ്യമാക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കിയ നാടാണ് കേരളമെന്ന് മുഖ്യമന്ത്രിപിണറായി വിജയൻ.
   **Chief Minister Pinarayi Vijayan said that Kerala is a land that has implemented many schemes to enable women's advancement.**

5. റഷ്യയും യുക്രെയ്നും തമ്മിൽ അടിയന്തര വെടിനിർത്തൽ വേണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.
   **US President Donald Trump wants an immediate ceasefire between Russia and Ukraine.**

6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ നേരിടും. രഞ്ജി ട്രോഫി ഫൈനലിൽ കേരളത്തിനെതിരെ വിദർഭ മികച്ച ലീഡിലേക്ക്.

**South Africa will face England today in the Champions Trophy cricket. Vidarbha takes a big lead against Kerala in the Ranji Trophy final.**

**&&&&&&&&&&&&&&&&**

## PM-AGRICULTURE WEBINAR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൃഷിയും ഗ്രാമീണ സമൃദ്ധിയും എന്ന വിഷയത്തിൽ ബജറ്റാനന്തര വെബിനാറിനെ ഓൺലൈനായി അഭിസംബോധന ചെയ്യും. 2025-ലെ ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനും കേന്ദ്രീകൃത ചർച്ചയിൽ പങ്കാളികളെ ഉൾപ്പെടുത്തുന്നതിനുമാണ് വെബിനാർ ലക്ഷ്യമിടുന്നത്. കേന്ദ്രകൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

**&&&&&&&&&&&&&&&&**

## HEADLINE – 1
## PM-NXT CONCLAVE - INTRO

അനന്തമായ നവീകരണങ്ങളുടെ നാടായി ഇന്ത്യ മാറിയെന്നും ആഗോള നേതൃനിരയിലാണ് ഇന്ന് രാജ്യത്തിന്റെ സ്ഥാനമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന NXT കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. യുവാക്കളാണ് ഇന്ത്യയുടെ മുൻഗണനയെന്നും പാഠപുസ്തകങ്ങൾക്കപ്പുറം ചിന്തിക്കാനുള്ള അവസരമാണ് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ വിദ്യാർത്ഥികൾക്ക് ലഭിച്ചതെന്നും ശ്രീ മോദി പറഞ്ഞു. ഉൽപ്പന്നങ്ങളുടെ

കയറ്റുമതി കേന്ദ്രമായി രാജ്യം ഉയർന്നു വരികയാണ്. 'വോക്കൽ ഫോർ ലോക്കൽ', 'ലോക്കൽ ഫോർ ഗ്ലോബൽ' എന്നീ കാഴ്ചപ്പാടുകൾ ഇന്ന് യാഥാർഥ്യമായതായും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 2

## DAY HM - MANIPUR MEETING

മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇപ്പോൾ യോഗം ചേരുന്നു. മണിപ്പൂർ ഗവർണർ അജയ് കുമാർ ഭല്ല, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, ഇൻ്റലിജൻസ് ബ്യൂറോ ഡയറക്ടർ തപൻ കുമാർ ദേക്ക, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതിന് ശേഷം ഇതാദ്യമായാണ് അവലോകന യോഗം ചേരുന്നത്.

&&&&&&&&&&&&&&&&

## GOVT-PASSPORT RULES

പാസ്പോർട്ട് നിയമങ്ങൾ ഭേദഗതി ചെയ്ത് കേന്ദ്ര സർക്കാർ. 2023 ഒക്ടോബർ ഒന്നിന് ശേഷം ജനിച്ചവർക്കുള്ള പാസ്പോർട്ടിനായി ജനന സർട്ടിഫിക്കറ്റുകൾ മാത്രമേ രേഖയായി സ്വീകരിക്കൂ എന്ന് ഭേദഗതിയിൽ വ്യക്തമാക്കുന്നു. 1980ലെ പാസ്പോർട്ട് നിയമങ്ങളിലാണ് മാറ്റം കൊണ്ടുവന്നത്. മറ്റ് അപേക്ഷകർക്ക് ഡ്രൈവിങ് ലൈസൻസ്, പാൻ കാർഡ് തുങ്ങിയ അംഗീകൃത രേഖ നൽകിയാൽ മതിയാകും.

&&&&&&&&&&&&&&&&

## UTTARAKHAND- RESCUE

ഉത്തരാഖണ്ഡിൽ, ചമോലി ജില്ലയിലെ മാന ഗ്രാമത്തിനടുത്തുണ്ടായ ഹിമപാതത്തിൽ കുടുങ്ങിയ 57 തൊഴിലാളികളിൽ 47 പേരെ രക്ഷപ്പെടുത്തി. എട്ട് പേരെ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്. ITBP, NDRF, SDRF, കരസേനാ സംഘങ്ങൾ രക്ഷാപ്രവർത്തനത്തിൽ സജീവമാണ്. അതേസമയം, രക്ഷാദൗത്യം അവലോകനം ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി ഫോണിൽ സംസാരിച്ചു. രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ എല്ലാവിധ സഹായവും നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകി.

&&&&&&&&&&&&&&&&

## GEORGE KURIAN - KANNUR

കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന പദ്ധതി കേരളത്തിലെ ആറ് ഫിഷറീസ് വില്ലേജുകളിൽ നടപ്പിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. കേന്ദ്രം 100 ശതമാനം തുക വിനിയോഗിച്ചുള്ളതാണ് ഈ പദ്ധതിയെന്നും മന്ത്രി പറഞ്ഞു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം തലശ്ശേരിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. സ്പീക്കർ എൻ ഷംസീർ അധ്യക്ഷത വഹിച്ചു. മന്ത്രി സജി ചെറിയാൻ ഓൺലൈനായി സംബന്ധിച്ചു.

&&&&&&&&&&&&&&&&

## VICE PRESIDENT - KERALA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ തിരുവനന്തപുരത്ത് എത്തും. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ഉച്ചക്ക് 12 മണിക്കാണ് പരിപാടി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 5
## TRUMP ON ZELENSKY AND PUTIN

റഷ്യയും യുക്രെയ്നും തമ്മിൽ അടിയന്തര വെടിനിർത്തൽ വേണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആഹ്വാനം ചെയ്തു. സമാധാനം പുനസ്ഥാപിക്കണമെന്നും അല്ലെങ്കിൽ യുക്രെയ്നുള്ള അമേരിക്കൻ പിന്തുണ പിൻവലിക്കുമെന്നും യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിക്ക് ട്രംപ് മുന്നറിയിപ്പ് നൽകി. അപൂർവ ധാതുക്കളുടെ കരാറിൽ ഒപ്പുവെക്കാൻ യുഎസും യുക്രെയ്നും തമ്മിൽ നടത്തിയ ചർച്ച പരാജയപ്പെട്ടതിന് പിന്നാലെയാണ് ട്രംപിന്റെ പ്രതികരണം. സെലെൻസ്കി സമാധാനം പുന:സ്ഥാപിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും എന്നാൽ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ യുദ്ധം അവസാനിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നും ട്രംപ് പറഞ്ഞു. അതേസമയം യുദ്ധം അവസാനിപ്പിക്കാൻ പുടിൻ തയ്യാറാണെന്ന് അവകാശപ്പെടുന്ന ട്രംപ്, റഷ്യയോടുള്ള നിലപാട് പെട്ടെന്ന് മാറ്റാൻ യുക്രെയ്നിന് കഴിയില്ലെന്ന് മനസ്സിലാക്കണമെന്ന് സെലൻസ്കി പറഞ്ഞു. ഭാവിയിലെ ആക്രമണങ്ങൾ തടയുന്നതിനുള്ള സുരക്ഷാ ഉറപ്പ് ലഭിക്കുന്നതുവരെ യുക്രെയ്ൻ റഷ്യയുമായി സമാധാന ചർച്ചകളിൽ ഏർപ്പെടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

വാക്പോരിന് പിന്നാലെ സെലൻസ്കി ട്രംപിനോട് മാപ്പ് പറയണമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ആവശ്യപ്പെട്ടു.

**&&&&&&&&&&&&&&&&**

## HEADLINE – 3

## NADDA PATEL - JAN AUSHADHI - INTRO

ജൻ ഔഷധി ജൻ ചേതന സപ്താഹ ആഘോഷങ്ങൾക്ക് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. ഈ മാസം ഏഴിനാണ് ജൻ ഔഷധി ദിനം. ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി പരിയോജനയുടെ പത്ത് വാഹനങ്ങൾ ശ്രീ ജെ.പി നഡ്ഡയും ആരോഗ്യ സഹമന്ത്രി അനുപ്രിയ പട്ടേലും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ ഗുണമേന്മയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച ഭാരതീയ ജൻ ഔഷധി പരിയോജന പ്രചാരണ പരിപാടി വിജയിപ്പിക്കണമെന്ന് ശ്രീ നഡ്ഡ ജനങ്ങളോട് അഭ്യർത്ഥിച്ചു.

(വോയിസ്....)

**&&&&&&&&&&&&&&&&**

## HEADLINE – 4

## CM – WOMEN’S DAY

സ്ത്രീകളെ ശക്തിപ്പെടുത്തുന്നതിനും സ്ത്രീ മുന്നേറ്റം സാധ്യമാക്കുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പാക്കിയ നാടാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാ ദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു

മുഖ്യമന്ത്രി. സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യു. ഒന്നര നൂറ്റാണ്ടിന് മുമ്പുതന്നെ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ കേരളത്തിൽ ശക്തിപ്രാപിച്ചിരുന്നെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 6
## CHAMPIONS TROPHY

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ നേരിടും. ഉച്ചയ്ക്ക് 2.30ന് കറാച്ചിയിലാണ് മത്സരം. പ്രാഥമിക റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ത്യ നാളെ ന്യൂസിലന്റിനെ നേരിടും.

&&&&&&&&&&&&&&&&

## HEADLINE – 6 (A)
## RANJI TROPHY

രഞ്ജി ട്രോഫി ഫൈനലിൽ കേരളത്തിനെതിരെ വിദർഭ മികച്ച ലീഡിലേക്ക്. നാലാം ദിനമായ ഇന്ന് ഒടുവിൽ വിവരം ലഭിക്കുമ്പോൾ വിദർഭ 2 വിക്കറ്റിന് 100 റൺസ് എടുത്തിട്ടുണ്ട്. നിലവിൽ 137 റൺസിൻറെ ലീഡാണുള്ളത്. കേരളത്തിൻറെ ഒന്നാം ഇന്നിംഗ്സ് ഇന്നലെ 342 റൺസിൽ അവസാനിച്ചിരുന്നു.

&&&&&&&&&&&&&&&&

## CHESS - PRAGUE MASTERS

പ്രാഗ് മാസ്റ്റേഴ്സ് 2025 ചെസ് ടൂർണമെന്റിൽ മുന്നേറ്റം തുടർന്ന് ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർമാരായ അരവിന്ദ് ചിദംബരവും ആർ പ്രഗ്നാനന്ദയും. മൂന്നാം റൗണ്ടിൽ ചൈനീസ് ഗ്രാൻറ് മാസ്റ്റർ വെയ് യിയെ പരാജയപ്പെടുത്തി

അരവിന്ദ്, ലോക ലൈവ് റാങ്കിംഗിൽ 16-ാംാം സ്ഥാനത്തേക്ക് മുന്നേറി. അതേസമയം, മൂന്നാം റൗണ്ടിൽ ചെക്ക് റിപബ്ലിക്കൻ താരത്തെ പരാജയപ്പെടുത്തി ആർ പ്രഗ്നാനന്ദ ടൂർണമെന്റിലെ ആദ്യ ജയം സ്വന്തമാക്കി.

&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ജംഷഡ്പൂരിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. വൈകുന്നേരം 5 മണിക്ക് നടക്കുന്ന മത്സരത്തിൽ മുംബൈ സിറ്റി - മോഹൻ ബഗാനെ നേരിടും.

&&&&&&&&&&&&&&&&

## MORN. VP- MUMBAI

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മഹാരാഷ്ട്രയിലെ മുംബൈ സന്ദർശിക്കും. മുംബൈയിൽ കെപിബി ഹിന്ദുജ കോളേജ് ഓഫ് കൊമേഴ്സിൽ നടക്കുന്ന വാർഷിക ആഘോഷ പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&

## SURESH GOPI - ASHA WORKERS

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരളത്തിലെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന സമരം 20-ാംാം ദിവസത്തിലേക്ക് കടന്നു. സമരത്തിന് പിന്തുണയുമായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി സമരപ്പന്തൽ സന്ദർശിച്ചു. ആശാവർക്കർമാരുടെ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മുഖ്യമന്ത്രി പിണറായി വിജയനുമായി സംസാരിക്കുമെന്നും കേന്ദ്ര സഹമന്ത്രി ഉറപ്പ് നൽകി.

&&&&&&&&&&&&&&&&

## V SIVANKUTTY

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ പത്താം ക്ലാസുകാരൻ മരിച്ച സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി വി ശിവൻകുട്ടി. പോലീസ് അന്വേഷണം നടത്തുന്നുണ്ടെന്നും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## ASHWINI VAISHNAW

ഗുജറാത്തിൻറെ വികസനത്തിന് കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും സംസ്ഥാനത്തിൻറെ റെയിൽവേ വികസനത്തിന് 17,155 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഗുജറാത്തിലെ അഹമ്മദാബാദ് റെയിൽവേ സ്റ്റേഷനിലെ വികസന പ്രവർത്തന പുരോഗതി വിലയിരുത്തുകയായിരുന്നു അദ്ദേഹം. അഹമ്മദാബാദ് റെയിൽവേ സ്റ്റേഷൻ്റെ വികസന പ്രവർത്തനങ്ങൾ ആധുനിക നിർമ്മാണ സാങ്കേതികവിദ്യ ഉപയോഗിച്ച് അടുത്ത മൂന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&